(എ) ഈ മന്ത്രിസഭ നിലവിൽവന്ന് ആദ്യ നൂറു ദിവസത്തിനുള്ളിൽ ഗവൺമെന്റ് ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തു;

(ബി) ഈ ഒഴിവുകളിലേക്കെല്ലാം നിയമനം നടത്തുവാൻ ആവശ്യമായത്ര ആളുകളുടെ പേരുകൾ പി. എസ്. സി. പ്രസിദ്ധീകരിച്ച റാങ്ക്‌ലിസ്റ്റിലുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

3-ാം ഗ്രേഡ് ഓവർസീയർ നിയമനം

19 [19] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്-ഇറിഗേഷൻ വകുപ്പുകൾക്ക് വേണ്ടി പി. എസ്. സി. തയ്യാറാക്കി 2001 ജൂലൈ 27-ന് പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസീയർ തസ്തികയിലേക്കുള്ള റാങ്ക്‌ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) നിയമന ഉത്തരവ് നൽകിയിട്ടും ജോയിൻ ചെയ്യാത്ത ഒഴിവുകളിലേക്ക് (എൻ. ജെ. ഡി.) വീണ്ടും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ റാങ്ക്‌ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ 540 പേർക്കും ജലസേചന വകുപ്പിൽ 446 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ദിവസക്കൂലി നിയമനങ്ങൾക്കെതിരെ നടപടി

20 [20] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്;

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly